383/est./19

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. വിഷ്ണുകുമാർ. ജി)

(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം -ജീവനക്കാര്യം - ഹെഡ് ക്ലർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം
1) സ.ഉ(കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017
2) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
3) ഈ ഓഫീസിലെ 21.07.2017 ലെ-എ1-5930/2017/സിഇ/തസ്വഭവ നമ്പർ സർക്കുലർ
4) ഈ ഓഫീസിലെ 03.05.2017-ലെ എ1-5930/2017/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
5) ഈ ഓഫീസിലെ 08.05.2017-ലെ എ1-5930/2017/സിഇ/ തസ്വഭവ (1) നമ്പർ ഉത്തരവ്
6) ഈ ഓഫീസിലെ 13.09.2018-ലെ എ1-10919/2018/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
7) 12.12.2018-ലെ തൃശ്ശൂർ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ എ3-183/2018 നമ്പർ ഉത്തരവ്
8) സ.ഉ(പി) നം. 42/2010/ഉഭപവ തീയതി 20.12.2010

## ഉത്തരവ് നം . എ1-1002/2013/സിഇ/തസ്വഭവ (വാല്യം III) തീയതി 25.01.2019

ഈ വകുപ്പിൽ തസ്വഭവ ഡിവിഷൻ തൃശ്ശൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഗോപി. എ.സി-യ്ക്ക് പെൻഷന് പ്രാരംഭമായുള്ള അവധി മേൽ പരാമർശം (7) പ്രകാരം അനുവദിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 13.12.2018 മുതൽ പ്രസ്തുത അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ടി കാരണത്താൽ നിലവിൽ വന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് ക്ലർക്കുമാരുടെ താൽക്കാലിക മുൻഗണനാപ്പട്ടികയിലെ സീനിയർമോസ്റ്റായ തസ്വഭവ സബ്ഡിവിഷൻ, വാമനപുരം ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നശ്രീമതി. ബ്രിജിത. കെ-യ്ക്ക് കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് ഭാഗം II ചട്ടം 28(a) (i) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 30700-65400 രൂപ ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (8)-ലെ സർക്കാർ ഉത്തരവ് പ്രകാരം ടി സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടുവർഷ സേവന കാലയളവിലെ ഒരു വർഷ കായലയളവ് പ്രൊബേഷൻ കാലയളവായി നിജപ്പെടുത്തിയിട്ടുണ്ട്.

ബന്ധപ്പെട്ട നിയന്ത്രണാധികാരി / ഓഫീസ് മേധാവി ടിയാളെ വിടുതൽ ചെയ്യും, നിയമിക്കപ്പെട്ട ഓഫീസിൽ നിയമനം നൽകിയും വിവരം യഥാകാലം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

പകർപ്പ് :
1) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, തിരുവനന്തപുരം / തൃശ്ശൂർ
2) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ് ഡിവിഷൻ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം
3) എ1 സെക്ഷൻ
4) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
5) കരുതൽ ഫയൽ

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 90